# JOINT FORUM OF KGB UNIONS

**(KGBEU/KGBOU - KGBSA/KGBOC - KGBEA/KGBOA - KGBWO/KGBOO)**

Kerala Gramin Bank: Head Office, KGB Towers
AK Road, Malappuram

**സർക്കുലർ 04/2022** 20/07/2022

## ജൂലൈ 25– എകദിന പണിമുടക്ക് വൻവിജയമാക്കുക

10.02.2022 ന് KGB ജോയിന്റ് ഫോറവുമായി ഉണ്ടാക്കിയ കരാർ ലംഘിച്ചുകൊണ്ട് മാനേജ്മെന്റ് വെല്ലുവിളി ഉയർത്തിയ സാഹചര്യത്തിൽ ശക്തമായ സമര പരിപാടികളുമായി നാം മുന്നോട്ട് പോവുകയാണ്. ജൂലൈ 25ന്റെ സമരം സമ്പൂർണ്ണമാക്കി മാനേജ്മെന്റിന് ജീവനക്കാരുടെ ശക്തമായ താക്കീത് നൽകാനുള്ള ചരിത്ര ദിനമാണിത്. ആവശ്യത്തിന് ജീവനക്കാരില്ലാതെ നട്ടംതിരിയുന്ന ശാഖകളും പുറംകരാർ വൽക്കരണത്തിന് വെമ്പൽകൊള്ളുന്ന മാനേജ്മെന്റും പ്രതിധാനം ചെയ്യുന്നത് രണ്ട് തത്വസംഹിതകളെയാണ്. ജീവനക്കാരുടെ സാമൂഹിക പ്രതിബദ്ധതകളെ വെല്ലുവിളിക്കുന്ന ഏത് ശക്തികളെയും നമുക്ക് നേരിട്ടേ മതിയാകൂ. ജീവനക്കാരന്റെ അധ്വാനശേഷി ഊറ്റിയെടുത്ത്, ജോലി സമ്മർദ്ദത്തിന്റെ കൊടുമുടിയിലേക്ക് എടുത്തുയർത്തുന്ന നയങ്ങൾ തിരുത്തപ്പെടേണ്ടതു തന്നെയാണ്. ഉന്നത ബിരുദങ്ങൾ നേടിയിട്ടും തൊഴിലില്ലായ്മയുടെ കയ്പ്നീര് കുടിക്കേണ്ടിവരുന്ന ഒരു വലിയ യുവശക്തിക്ക് മുൻപിൽ സ്ഥാപനത്തിന്റെ വാതിലുകൾ കൊട്ടിയടക്കുമ്പോൾ നമുക്ക് ശേഷം പ്രളയമെന്ന പ്രതിലോമ ചിന്താഗതികളെ പുൽകാൻ നമുക്കാവില്ല. ഈ സ്ഥാപനത്തിലേക്ക് പുതിയ തൊഴിൽ ശക്തികൾ കടന്നു വന്നേ മതിയാകൂ. അവർക്ക് മുൻപിൽ കൊട്ടിയടക്കുന്ന ഉരുക്കു വാതിലുകളെ നമുക്ക് തകർത്തെറിഞ്ഞേ മതിയാവൂ. ജൂലൈ 25 അത്തരമൊരു പോരാട്ടത്തിന്റെ സുവർണലിപികളിൽ എഴുതപ്പെട്ട പേരാണ്.

താൽക്കാലിക ജീവനക്കാരന്റെ നിസ്സഹായതയെ ചൂഷണം ചെയ്യുന്ന, മനസാക്ഷി മരവിച്ച മാനേജ്മെന്റിനോട് സന്ധിചെയ്യാൻ നമുക്കാവില്ല. രണ്ട് പതിറ്റാണ്ടിനുമപ്പുറത്ത് ഈ സ്ഥാപനത്തിൽ ജോലി ചെയ്യുന്നവർ ഇന്നും പാർശ്വവൽക്കരിക്കപ്പെട്ടവരായി തുടരുന്നുണ്ടെങ്കിൽ അതിന് കാരണക്കാരായ തൊഴിലാളി വിരുദ്ധ ശക്തികളെ തിരുത്താനുള്ള പോരാട്ടം ഏറ്റെടുക്കേണ്ടത് നമ്മുടെ കർത്തവ്യമാണ്. ആ കർത്തവ്യനിർവഹണത്തിന് നാം തിരഞ്ഞെടുത്ത ദിനമാണ് ജൂലൈ 25.

ബിസിനസ് കറസ്പോണ്ടന്റ് എന്നത് പുറംകരാർ വൽക്കരണത്തിന് നൽകിയ ഓമനപ്പേരാണ്. ക്ലറിക്കൽ തസ്തികയെ മുഴുവനായി വിഴുങ്ങി അവിടെ BCകളെ പ്രതിഷ്ഠിച്ച്, തുടർന്ന് മറ്റു കേഡറുകളിലേക്കും പരീക്ഷണം വ്യാപിപ്പിച്ച് സ്ഥാപനത്തെ പൂർണ്ണമായും അസ്ഥിരവൽക്കരിക്കാനുള്ള ശ്രമങ്ങളാണ് ഇവിടെ നടക്കുന്നത്. എക്സിക്യൂട്ടീവ് കേഡറുകളിൽ തല വലുപ്പം വർദ്ധിപ്പിച്ചും താഴെ തട്ടിലെ ജീവനക്കാരെ കുരുതി കൊടുത്തും നടത്തി കൊണ്ടുപോകേണ്ട സ്ഥാപനത്തിന്റെ പേരല്ല കേരള ഗ്രാമീണ ബാങ്ക്. പാവപ്പെട്ടവന്റെ ബാങ്കിനെ കുത്തക കൈകളിലേക്ക് കൈമാറാനുള്ള നീക്കങ്ങൾ കൂട്ടായ്മയുടെ കരുത്തുകൊണ്ട് നാം തകർക്കുക തന്നെ ചെയ്യും.

സമരത്തിലൂടെ അതിജീവിച്ച് വളർന്നുവന്ന ഈ സ്ഥാപനത്തിന്റെ പ്രൗഢ പാരമ്പര്യം പോരാട്ടത്തിന്റേതാണ്. തലമുറകൾ മാറി വരുമ്പോഴും നമുക്ക് എണ്ണ പകർന്നു നൽകി തിരി തെളിയിച്ച്, കെടാതെ സൂക്ഷിക്കാനുള്ളത് ഈ കരുത്തും പൊരുതാനുള്ള ശേഷിയുമാണ്.

**ജൂലൈ 25ന്റെ സമരം സമ്പൂർണ്ണ വിജയമാക്കുക.**

*അഭിവാദനങ്ങളോടെ,*

**ജനറൽ സെക്രട്ടറി**
KGBEU/KGBOU
9895710203

**ജനറൽ സെക്രട്ടറി**
KGBSA/KGBOC
9947660997

**ജനറൽ സെക്രട്ടറി**
KGBEA/KGBOA
9995392084

**ജനറൽ സെക്രട്ടറി**
KGBWO/KGBOO
9985380393

പ്രൊബേഷനറി ജീവനക്കാർ സമരം ചെയ്യാൻ പാടില്ല എന്ന തെറ്റായ പ്രചരണം ആരിൽ നിന്നുണ്ടായാലും അർഹിക്കുന്ന അവജ്ഞയോടെ അത് തള്ളിക്കളയുക. സമരം ചെയ്യാൻ പ്രൊബേഷനറി ജീവനക്കാർക്കും പൂർണ അവകാശമുണ്ട്. Key കയ്യിലുള്ളവർ അത് കയ്യിൽ വച്ച് തന്നെ സമരം ചെയ്യണം എന്ന് അഭ്യർത്ഥിക്കുന്നു.